# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 6087

07.07.2014-ൽ
മറുപടിയ്ക്ക്.

## കാലാവധി കഴിഞ്ഞിട്ടും ഡെപ്യൂട്ടേഷനിൽ തുടരുന്നതിനെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത്: | ഡോ. എം. കെ. മുനീർ.<br>(ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറി റാങ്കിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻ ആലപ്പുഴ ജില്ലയിൽ ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞിട്ടും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തുടരുന്നുണ്ടോ എന്നു വ്യക്തമാക്കുമോ ;<br><br>(ബി) തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ സാമ്പത്തിക അഴിമതിയുമായി ബന്ധപ്പെട്ട വിജിലൻസ് കേസിൽ പ്രതിയായ മേൽപറഞ്ഞ ഉദ്യോഗസ്ഥൻ പ്രസ്തുത ഓഫീസിലെ തന്നെ സെക്രട്ടറിയുടെ ചാർജ്ജിലോ ഫിനാൻസ് ഓഫീസറുടെ ചാർജ്ജിലോ തുടരുന്നുണ്ടോ എന്നു അറിയിക്കുമോ; ഇപ്രകാരം തുടരുന്നത് മേൽപ്പറഞ്ഞ വിജിലൻസ് കേസുമായി ബന്ധപ്പെട്ട തെളിവുകൾ നശിപ്പിക്കുന്നതിനാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തു നടപടി സ്വീകരിക്കുമെന്നു വ്യക്തമാക്കുമോ ? | (എ) & (ബി) ധനകാര്യ വകുപ്പിൽ അഡീഷണൽ സെക്രട്ടറിയായ ശ്രീ. എസ്. വി. കലേശനെ ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ 2008 മുതൽ അന്യത്രസേവന വ്യവസ്ഥയിൽ ഫിനാൻസ് ഓഫീസറായി നിയമിക്കുകയുണ്ടായി. ജില്ലാ പഞ്ചായത്തിന്റെ 2014-2015 വർഷത്തെ പദ്ധതിരൂപീകരണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലായതിനാലും പദ്ധതികൾക്ക് സമയബന്ധിതമായി അംഗീകാരം ലഭിക്കേണ്ടതിനാലും ടിയാന്റെ അന്യത്രസേവന കാലം നിലവിലുള്ള നിയമപ്രകാരം അനുവദിക്കാനാകില്ലായെങ്കിലും ഭരണസ്തംഭനം ഒഴിവാക്കുന്നതിലേയ്ക്കായി പുതിയ ഒരു ജില്ലാ പഞ്ചായത്ത് സെക്രട്ടറി/ ഫിനാൻസ് ഓഫീസർ ചാർജ്ജെടുക്കുന്നതുവരെ ടിയാന് ഫിനാൻസ് ഓഫീസറായി അന്യത്രസേവന വ്യവസ്ഥയിൽ തുടരുവാൻ അനുവദിച്ച് 24/04/2014-ലെ 1022/2014/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. |

വിജിലൻസ് കേസുമായി ബന്ധപ്പെട്ട തെളിവുകൾ നശിപ്പിക്കുന്നതിനാണ് ടിയാൻ ഫിനാൻസ് ഓഫീസറായി അന്യത്രസേവന വ്യവസ്ഥയിൽ തുടരുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ